ഉത്തരം

(എ) 220 സ്കൂളുകളിൽ സംസ്കൃതം സെക്കന്റ് ലാംഗ്വേജ് ആയി പഠിപ്പിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുറഞ്ഞത് പത്ത് കുട്ടികൾ പഠിക്കുവാൻ ഉണ്ടെങ്കിൽ ഒരു സംസ്കൃത അദ്ധ്യാപകനെ നിയമിക്കാം.

(ഡി) വിശദമായ പരിശോധന ആവശ്യമായതിനാലും നയപരമായ തീരുമാനം കൈക്കൊള്ളേണ്ട കാര്യമായതിനാലും ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ

117 [3296] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ വൊക്കേഷണൽ സ്കൂളുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹയർസെക്കന്ററി—സ്പെഷ്യൽ റൂൾസ് ഭേദഗതിയും പ്രിൻസിപ്പൽ നിയമനവും

118 [3297] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയ്ക്കായി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്പെഷ്യൽ റൂൾസിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ;

(സി) ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിയമനത്തിന് വേണ്ട യോഗ്യതകൾ എന്തെല്ലാമായിരിക്കണം എന്നാണ് സ്പെഷ്യൽ റൂൾസിൽ പറഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) സ്പെഷ്യൽ റൂൾസിൽ പറഞ്ഞിരിക്കുന്നതിന് വ്യത്യസ്തമായി പ്രിൻസിപ്പൽ നിയമനത്തിന് യോഗ്യത നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏറ്റവും പുതിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(സി) ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പൽ തസ്തികയ്ക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ താഴെ പറയുന്നവയാണ്:

1. കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച തത്തുല്യയോഗ്യത.

2. കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച തത്തുല്യ യോഗ്യത.

3. കുറഞ്ഞത് 12 വർഷക്കത്ത അംഗീകൃത അദ്ധ്യാപന പരിചയം (ഹയർ സെക്കന്ററി തലത്തിലെ അദ്ധ്യാപന പരിചയത്തിന് മുൻഗണന നൽകുന്നതാണ്).

ബൈ ട്രാൻസ്ഫർ നിയമനത്തിന് ഹയർ സെക്കന്ററി/ഹൈസ്കൂൾ തലത്തിലുള്ള 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം ആവശ്യമാണ്.

(ഡി) പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സ്പെഷ്യൽ റൂൾസിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾക്ക് മാറ്റം വരുത്തിക്കൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഇക്കാര്യത്തിനായി സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പുതിയതായി അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകളിൽ ഹ്യൂമാനിറ്റീസ് ബാച്ചുകൾ

119 [3298] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ഏതെല്ലാം ബാച്ചുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളുകളിൽ ഹ്യൂമാനിറ്റീസ് ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഹ്യൂമാനിറ്റീസ് ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly